**അപേക്ഷകൾ അയയ്ക്കാനുള്ള അവസാന തീയതി ജൂൺ 5**

# ബിജു എസ്. ബാലൻ അനുസ്മരണ കേരളീയം പരിസ്ഥിതി മാധ്യമ ഫെലോഷിപ്പ്

**കേരളീയം** ബിജു.എസ്. ബാലൻ അനുസ്മരണ പരിസ്ഥിതി മാധ്യമ ഫെല്ലോഷിപ്പിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. മാധ്യമപ്രവർത്തകർക്കും മാധ്യമ പ്രവർത്തനത്തിൽ താത്പര്യമുള്ള 35 വയസ്സിൽ താഴെ പ്രായമുള്ള യുവതീ/യുവാക്കൾക്കും അപേക്ഷിക്കാം. താത്പര്യമുള്ളവർ ഈ വർഷം ഫെല്ലോഷിപ്പിനായി നിശ്ചയിച്ച വികസനവും പരിസ്ഥിതിയും എന്ന വിഷയത്തെ ആസ്പദമാക്കി നിങ്ങൾക്ക് ചെയ്യാൻ കഴിയുന്ന ഒരു റിപ്പോർട്ടിന്റെ രൂപരേഖയും പ്രവർത്തന പദ്ധതിയും അയച്ചുതരിക. ഒപ്പം നിങ്ങൾക്ക് പരിചിതമായ ഏതെങ്കിലും ഒരു പരിസ്ഥിതി പ്രശ്നത്തെ/വിഷയത്തെക്കുറിച്ച് തയ്യാറാക്കിയ റിപ്പോർട്ടും (10 പേജിൽ കുറയാതെ) ബയോഡാറ്റയും സഹിതം താഴെപ്പറയുന്ന വിലാസത്തിൽ ജൂൺ അഞ്ചിനുള്ളിൽ ലഭിക്കുന്ന രീതിയിൽ അയയ്ക്കുക. ഈ റിപ്പോർട്ടിന്റെയും കൂടിക്കാഴ്ചയുടെയും അടിസ്ഥാനത്തിൽ പരിസ്ഥിതി-മാധ്യമ വിദഗ്ധർ അടങ്ങുന്ന ജൂറി തിരഞ്ഞെടുക്കപ്പെടുന്നവർക്ക് 10,002 രൂപയുടെ ഫെല്ലോഷിപ്പ് ജൂൺ 28ന് തൃശൂരിൽ വച്ച് നൽകും.

കേരളീയത്തിന്റെ പ്രഥമ ബിജു എസ്. ബാലൻ അനുസ്മരണ പരിസ്ഥിതി മാധ്യമ ഫെല്ലോഷിപ്പ് വി.പി റജീനയ്ക്കാണ് ലഭിച്ചത്. കേരളത്തിലെ ആശുപത്രി മാലിന്യങ്ങൾ സൃഷ്ടിക്കുന്ന പ്രശ്നങ്ങളെക്കുറിച്ചുള്ള പഠനത്തിനാണ് മാധ്യമം ദിനപത്രത്തിന്റെ കോഴിക്കോട് യൂണിറ്റിൽ സബ് എഡിറ്ററായ റജീനയ്ക്ക് ഫെല്ലോഷിപ്പ് നൽകിയത്.

2009 ജൂൺ 28ന് തൃശ്ശൂർ ജവഹർ ബാലഭവനിൽ വച്ച് നടന്ന ചടങ്ങിൽ ഏഷ്യാനെറ്റ് മുൻ ഡയറക്ടറും ചെന്നൈയിലെ മീഡിയ റിസർച്ച് ഫൗണ്ടേഷന്റെ ഡയറക്ടറുമായ ശശികുമാർ റജീനയ്ക്ക് ഫെല്ലോഷിപ്പ് നൽകി. തുടർന്ന് പരിസ്ഥിതിയും മാധ്യമങ്ങളും എന്ന വിഷയത്തിൽ അദ്ദേഹം ബിജു എസ്. ബാലൻ അനുസ്മരണ പ്രഭാഷണം നടത്തി. കേരളീയത്തിന് ലഭിച്ച റിപ്പോർട്ടുകളിൽ നിന്നും എം സുചിത്ര (ക്രസ്റ്റ് ഫീച്ചേഴ്സ് ആന്റ് ഫുട്ടേജ്, കൊച്ചി) ചെയർപേഴ്സണും കെ രാജഗോപാൽ (കോഴ്സ് കോർഡിനേറ്റർ, സി-ഡിറ്റ്, തിരുവനന്തപുരം), ഡോ. എസ് ശങ്കർ (ശാസ്ത്രജ്ഞൻ, കെ.എഫ്ആർഐ, പീച്ചി), സി.ആർ നീലകണ്ഠൻ (പരിസ്ഥിതി പ്രവർത്തകൻ/ മാനേജർ, കെൽട്രോൺ, അരൂർ), ഡോ. സി.എസ് വെങ്കിടേശ്വരൻ (മാധ്യമ വിദഗ്ധൻ/ ഫെലോ, സെന്റർ ഫോർ ടാക്സേഷൻ സ്റ്റഡീസ്, തിരുവനന്തപുരം), എന്നിവർ അംഗങ്ങളുമായ ജൂറിയാണ് റജീനയെ ഫെല്ലോഷിപ്പിനായി തിരഞ്ഞെടുത്തത്.

2010 ലെ ബിജു എസ്. ബാലൻ അനുസ്മരണ പരിസ്ഥിതി മാധ്യമ ഫെല്ലോഷിപ്പിന് കെ. സന്ദീപ് അർഹനായി. വികസനത്തിന്റെ മറവിൽ നടക്കുന്ന കണ്ടൽകാടുകളുടെ നശീകരണത്തെക്കുറിച്ചുള്ള പഠനത്തിനാണ് ജനയുഗം പത്രത്തിലെ സബ്എഡിറ്ററായ കെ. സന്ദീപിന് ഫെല്ലോഷിപ്പ് നൽകിയത്.

2010 ജൂൺ 28ന് തൃശ്ശൂർ ജവഹർ ബാലഭവനിൽ വച്ച് നടക്കുന്ന ചടങ്ങിൽ പ്രശസ്ത ഡോക്യുമെന്ററി സംവിധായകൻ ജോഷി ജോസഫ് സന്ദീപിന് ഫെലോഷിപ്പ് നൽകി. ഭൂമിയും വികസനം സൃഷ്ടിക്കുന്ന ആഘാതങ്ങളും എന്ന വിഷയത്തിൽ ജോഷി ജോസഫ് ബിജു എസ്. ബാലൻ അനുസ്മരണ പ്രഭാഷണം നടത്തി. കേരളീയത്തിന് ലഭിച്ച എൻട്രികളിൽ നിന്നും കെ രാജഗോപാൽ (കോഴ്സ് ഡയറക്റ്റർ, സി-ഡിറ്റ്, തിരുവനന്തപുരം), ഡോ. എസ് ശങ്കർ (ശാസ്ത്രജ്ഞൻ, കെ.എഫ്ആർ.ഐ, പീച്ചി),ഡോ. സിഎസ് വെങ്കിടേശ്വരൻ (മാധ്യമ വിദഗ്ധൻ/ ഫെലോ, സെന്റർ ഫോർ ടാക്സേഷൻ സ്റ്റഡീസ്, തിരുവനന്തപുരം), ഡോ. എ. ലത (പരിസ്ഥിതി വിദഗ്ധ, റിവർ റിസർച്ച് സെന്റർ) എന്നിവർ അംഗങ്ങളായ ജൂറിയാണ് കെ. സന്ദീപിനെ ഫെല്ലോഷിപ്പിനായി തിരഞ്ഞെടുത്തത്.

**ബിജു എസ്. ബാലൻ**



ചെന്നൈ ന്യൂ ഇൻഡ്യൻ എക്സ്പ്രസിൽ വെബ് എഡിഷനിൽ സബ് എഡിറ്ററായിരുന്നു. ശാസ്ത്രസാഹിത്യ പരിഷത്ത്, കേരളീയം, ആൾട്ടർ മീഡിയ എന്നിവയുമായി സഹകരിച്ച് പ്രവർത്തിച്ചു. വിവിധ പത്രമാധ്യമങ്ങളിൽ എഴുതിയിരുന്നു. മദ്രാസ് യൂണിവേഴ്സിറ്റിയിൽ നരവംശ ശാസ്ത്രത്തിൽ ഗവേഷക വിദ്യാർത്ഥിയായിരുന്നു. മരണാനന്തരം 'ചെന്നൈ വിശേഷവും കുറിപ്പുകളും' എന്ന പുസ്തകം പ്രസിദ്ധീകരിച്ചിട്ടുണ്ട്.



വി.പി റജീന



കെ. സന്ദീപ്